# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)-61/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)-61/23 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മിനു പി കെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ടെസി എം,ഓഡിറ്റ് ഓഫീസർ.
സന്തോഷ്കുമാർ കെ.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബെറ്റ്സി സി എക്സ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശാന്തിനി ഗോപകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പ്രേമലത എം.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| സീന പി.വി. | സെക്രട്ടറി | 08-04-2021 | 14-04-2021 |
| പ്രേമലത എം,എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-04-2021 | 30-04-2021 |
| സീന പി.വി. | സെക്രട്ടറി | 03-05-2021 | 27-06-2021 |
| ജയലക്ഷമി എ. | സെക്രട്ടറി | 28-06-2021 | 07-12-2021 |
| പ്രേമലത എം,എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2021 | 24-12-2021 |
| - | സെക്രട്ടറി | 25-12-2021 | 27-12-2021 |
| ജയലക്ഷമി എ. | സെക്രട്ടറി | 27-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രേമലത എം,എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഉമാമഹേശ്വരി എം.ഡി. | കൃഷി ഓഫീസർ | 01-04-2021 | 25-02-2022 |
| നീതു എൻ. എസ്. | കൃഷി ഓഫീസർ | 26-02-2022 | 31-03-2022 |
| ഡോ. ബീന എസ്. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സീമോൾ വി.സി. | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| സീന അഗസ്റ്റിൻ പി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. തോമസ് ജിബിൻ എ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ധന്യ പ്രസാദ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| സമീറ എം.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഫിലോമിന ടീന എ.ജി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 02-07-2021 |
| അഖില വി നാഥ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-07-2021 | 31-03-2022 |
| അമ്മിണിക്കുട്ടി കെ.വി. | വി.ഇ.ഓ., ചിറ്റാറ്റുകര സർക്കിൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| രജനിപ്രിയ | വി.ഇ.ഓ., പല്ലംതുരുത്ത് സർക്കിൾ | 01-04-2021 | 11-05-2021 |
| അമ്മിണിക്കുട്ടി കെ.വി | വി.ഇ.ഓ. ഇൻ-ചാർജ്- പല്ലംതുരുത്ത് സർക്കിൾ | 12-05-2021 | 31-08-2021 |
| മധു കെ.ആർ. | വി.ഇ.ഓ., പല്ലംതുരുത്ത് സർക്കിൾ | 01-09-2021 | 30-11-2021 |
| അമ്മിണിക്കുട്ടി കെ.വി | വി.ഇ.ഓ. ഇൻ-ചാർജ്- പല്ലംതുരുത്ത് സർക്കിൾ | 01-12-2021 | 31-03-2022 |
| ഗീത | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 07-12-2021 |
| ജയന്തി പി. ജി | ഹെഡ്മിസ്ട്രസ്സ് -ഇൻ -ചാർജ്ജ് | 08-12-2021 | 31-03-2022 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷിക കണക്കിലെ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 13 | രസീത് പരിശോധന-അപാകതകള്‍ | 1-12 |
| 14 | തൊഴില്‍ നികുതി ഈടാക്കിയില്ല. | 1-13 |
| 15 | വസ്തുനികുതി ഈടാക്കിയതില്‍ അപാകത- | 1-14 |
| 16 | ഗുണഭോക്താക്കളുടെ മരണശേഷവും തുക അക്കൗണ്ടില്‍ നിക്ഷേപിച്ചു- | 1-15 |
| 17 | മാര്‍ഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവാക്കി | 1-16 |
| 18 | മല്‍സ്യത്തൊഴിലാളികളുടെ മക്കള്‍ക്ക് ലാപ്ടോപ്പ് വിതരണം- അപാകത | 1-17 |
| 19 | കരിമീന്‍ കൂട് മല്‍സ്യകൃഷി- അപാകതകള്‍ | 1-18 |
| 20 | മത്സ്യതൊഴിലാളികള്‍ക്ക് വള്ളം,വല - അപാകതകള്‍ | 1-19 |
| 21 | സുഭിക്ഷകേരളം - ബയോഫ്ലോക്സ് പദ്ധതി-അപാകത | 1-20 |
| 22 | ഫയലുകള്‍ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല/ അടങ്കല്‍ 405000 | 1-21 |
| 23 | തെരുവ് വിളക്കുകളുടെ പരിപാലനം - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകള്‍ | 1-22 |
| 24 | ഐ കെ എം വിഹിതം നല്‍കല്‍ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-23 |
| 25 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കല്‍ - പ്രോജക്റ്റ് നിര്‍വ്വഹണത്തിലെ അപാകത | 1-24 |
| 26 | മഴക്കാല പൂര്‍വ്വ ശുചീകരണം - ചെലവ് രേഖകള്‍ ലഭ്യമായില്ല. | 1-25 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23.02.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് നടപ്പ വർഷം യഥാർത്ഥത്തിലുള്ള വരവ് ചെലവുമായി വലിയ അന്തരം കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 64,39,088 | 2,51,49,778 |
| വരവ് | 27,81,23,305 | 8,81,46,886 |
| ആകെ | 28,45,62,393 | 11,32,96,664 |
| ചെലവ് | 28,08,08,360 | 8,14,56,666 |
| നീക്കിയിരിപ്പ് | 37,54,033 | 3,18,39,998 |

ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2021 | 01.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ അപാകതകളില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,51,49,778 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,81,46,886 |
| ആകെ | 11,32,96,664 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,14,56,666 |
| നീക്കിയിരിപ്പ് | 3,18,39,998 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,10,027 |

.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11715800 | 11715800 | 11703800 | 0 | 12000 |
| വികസന ഫണ്ട്(എസ് സി പി) | 0 | 6085800 | 6085800 | 5435000 | 0 | 650800 |
| വികസനഫണ്ട്(ടിഎസ് പി) | 0 | 19000 | 19000 | 0 | 0 | 19000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8043609 | 8043609 | 4826938 | 0 | 3216671 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6516431 | 6516431 | 2628754 | 0 | 3887677 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic) | 0 | 4080070 | 4080070 | 3075568 | 631005 | 373497 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 9446983 | 9446983 | 4038540 | 3181395 | 2227048 |
| ശുചിത്വമിഷൻ ഫണ്ട് 320200322 | 1381325 | 180000 | 1561325 | 1557000 | 4325 | 0 |
| ടോട്ടൽ സാനിറ്റേഷൻ 320100115 | 4929462 | 144335 | 5073797 | 574040 | 4499757 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ICDS 32100121 | 1331090 | 1007738 | 2338828 | 1445997 | 892831 | 0 |
| PYCA 320100126 | 8700 | 0 | 8700 | 0 | 8700 | |
| RGPSA 320100199 | 547011 | 7405 | 554416 | 0 | 554416 | |
| RSBY 320400199 | 27220 | 0 | 27220 | 0 | 27220 | |
| സാക്ഷരത 320200309 | 5406 | 158 | 5564 | 0 | 5564 | |
| ജനകീയ ഭവനം 320300199 | 414018 | 10522 | 424540 | 0 | 424540 | |
| നിർമ്മൽ പുരസ്കാരം 320900101 | 105630 | 0 | 105630 | 0 | 105630 | |
| ദുരന്ത നിവാരണം 320700404 | 0 | 49920 | 49920 | 49920 | 0 | |
| എം.എൽ.എ ഫണ്ട് 320200316 | 31080 | - | 31080 | - | 31080 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 185 | 198524519 | 145 | 52348909 | 34 | 111 | 40 | 60% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 23650 | 1202169 | 1225819 | 1216414 | 9405 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 35569350 | 35569350 | 35569350 | -- |
| ആകെ | 23650 | 36771519 | 36795169 | 36785764 | 9405 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 1246400 | 81 |
| വിധവാപെൻഷൻ | 20439700 | 1378 |
| വാർദ്ധക്യകാലപെൻഷൻ | 44981000 | 3383 |
| വികലാംഗപെൻഷൻ | 5782900 | 382 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1703800 | 109 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2023, 3pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3566/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ സ്ഥലപരിമിതിയിൽ ഒതുങ്ങിക്കൊണ്ട് വളരെ അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്ന വിധത്തിൽ പ്രതിമാസ ഓഫീസ് യോഗങ്ങൾ ചേരുകയും, ചുമതലകൾ ജീവനക്കാർക്ക് വിഭജിച്ച് നൽകുകയും ചെയ്യുന്നുണ്ട്. ഓഫീസ് മീറ്റിങ്ങിന്റെ മിനിറ്റ്സ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.
ഓഡിറ്റ് കാലയളവിലെ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളിൽ വിവരങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ട്.
പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.09.2022 | 01.05.2022 മുതൽ 30.08.2022 വരെ | 16.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.11.2017 | 2012-13 മുതൽ 2016-17 വരെ | 16.07.2019 |

## 1-11 ഓഡിറ്റ് ഇംപാക്ട്

തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.11/11.01.2023) നൽകിയതിനെത്തുടർന്ന് തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു

| | അടവാക്കിയ തുക | രസീത് നം./തീയതി |
|---|---|---|
| സി.ഡി.എസ്. അക്കൗണ്ടന്റ്(കവിത വി.എ.) | 750 | 1221003163/12.01.2023 |
| പാലിയേറ്റീവ് കെയർ നഴ്സ് (മിനി സി.വി.) | 1500 | 1221003160/12.01.2023 |
| പഞ്ചായത്ത് കരാറുകാരൻ(രാഗേഷ് കെ.എം.) | 2500 | 1221003161/12.01.2023 |
| ആകെ | 4750 | |

## 1-12 രസീത് പരിശോധന-അപാകതകൾ

രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

1. കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 92(ബി)യിലെ കുറിപ്പ് 2 പ്രകാരം, ഓരോ രസീത് ബുക്കും അവ ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച്, ഓരോ ബുക്കിലേയും ഫാറങ്ങളുടെ എണ്ണം പരിശോധിച്ച്, നിശ്ചിത മാതൃകയിലുള്ള, പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ) രസീത് ബുക്കിന്റെ പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർത്ത് സെക്രട്ടറി/അക്കൗണ്ടന്റ്/ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

എന്നാൽ രസീത് ബുക്ക് നം.16862-ൽ മേൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2. വെറ്ററിനറി സർജന് 22.09.2021-ൽ ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് (നം.16860)മുഴുവനായും (രസീത് ക്രമ നം.1മുതൽ 36 വരെ മാത്രം ഉപയോഗിച്ചു). ഉപയോഗിച്ച് തീരാതെ 07.12.2021 ൽ വീണ്ടും രസീത് ബുക്ക് (നം.16863) ഇഷ്യൂ ചെയ്തു. ലഭിച്ച രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ച് തീർന്നതിനു ശേഷം മാത്രമേ അടുത്ത രസീത് ബുക്ക് ഇഷ്യൂ ചെയ്യാവൂ.

3. ഗുണഭോക്താക്കൾക്ക് പണം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. ഫിഷറീസ് ഇൻസ്പെക്ടർക്ക് ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്കിൽ (നം.14062) ഗുണഭോക്താക്കൾക്ക് കൈപ്പറ്റ് രസീത് (ഡ്യൂപ്ലിക്കേറ്റ് )നൽകാതെ സൂക്ഷിക്കുന്നു.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)(ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കരാറുകാർ തൊഴിൽ ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | ദിലീപ് എം.എം. |
| 2. | പാർത്ഥൻ കെ.എസ്. |
| 3. | നിഷാദ് വി.ജെ. |
| 4. | ബിജു ഒ.പി. |
| 5. | അനീഷ് സി.എസ്. |
| 6. | ജയപാലൻ വി.ബി. |
| 7. | പി.കെ. നസീർ |
| 8. | മഹേഷ് കെ.എം. |
| 9. | ഇഗ്നേഷ്യസ് കെ.ജെ. |
| 10. | സുനിൽ ബാബു |
| 11. | ഫ്രാൻസിസ് കെ.ജി. |
| 12. | ജോർജ്ജ്കുട്ടി |
| 13. | റിജോ ജോർജ്ജ് |

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും നിയമാനുസൃതമായി തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.1/11.01.2023) നൽകിയതിനെത്തുടർന്ന് എൻക്വയറിയിൽ സൂചിപ്പിച്ച ചിലരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ ഖണ്ഡിക 1-12(ഓഡിറ്റ് ഇംപാക്ട്) -ൽ ചേർത്തിട്ടുണ്ട്.

1-14 വസ്തുനികുതി ഈടാക്കിയതിൽ അപാകത-

1. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ,

ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 40 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമനുസരിച്ചുള്ള നിരക്കാണ് ഇവരിൽ നിന്നും ഈടാക്കിയിരിക്കുന്നത്.

| ക്രമനം. | കെട്ടിട നം./ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|
| 1. | 1/173 അംബിക, പൂവന്തറ | 134.71 | 40 | 60 |
| 2. | 8/379 ജയപാലൻ കുര്യാപ്പിള്ളി | 113 | 40 | 60 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന, അവയുൾപ്പെടുന്ന ശരിയായ വിഭാഗത്തിൽപ്പെടുത്തി, വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിച്ച് , അവയുടെ പ്രാബല്യ കാലയളവ് മുതലുള്ള തുക കുടിശ്ശികയായി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ലൈസൻസ് രജിസ്റ്റർ പ്രകാരം സൂപ്പർമാർക്കറ്റിനുള്ള ലൈസൻസാണ് കൊടുത്തിരിക്കുന്നത്. വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 45രൂപ/ച.മീറ്ററാണ് വസ്തുനികുതി നിരക്കായി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമനുസരിച്ചുള്ള 40രൂപ/ച.മീ നിരക്കാണ് വസ്തുനികുതിയായി ഈടാക്കിയിരിക്കുന്നത്.

| ക്രമനം. | കെട്ടിട നം./ ഉടമയുടെ പേര്/ലൈസൻസ് നം. | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|
| 1. | 8/70 ലൈസൻസ് നം.123/21-22 നിബാഷ ബിജു, മണ്ടായപ്പുറത്ത്. | 50 | 40 | 45 |
| 2. | 3/149 ലൈസൻസ് നം.230/21-22 അബ്ദുൾ കരിം തലക്കാട്ട് & വി.എസ്. ചിത്തിരൻ | 70.88 | 40 | 45 |
| 3. | 3/150 ലൈസൻസ് നം.230/21-22 അബ്ദുൾ കരിം തലക്കാട്ട് | 24.65 | 40 | 45 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന, അവയുൾപ്പെടുന്ന ശരിയായ നിരക്കിലുള്ള വിഭാഗത്തിൽപ്പെടുത്തി, വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിച്ച് , അവയുടെ പ്രാബല്യ കാലയളവ് മുതലുള്ള തുക കുടിശ്ശികയായി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട

നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.14/13.01.2023) മറുപടിയായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

1-15 ഗുണഭോക്താക്കളുടെ മരണശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിച്ചു-

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ മരണ റിപ്പോർട്ട് ഫയലുകളും സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണതീയതിക്ക് ശേഷവും പെൻഷൻതുക കൈമാറിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ആധാർ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | റിമാർക്സ് |
|---|---|---|---|
| 1. | ത്രേസ്യാമ്മ, 305888713559 | 01.02.2022, വാർദ്ധക്യകാല പെൻഷൻ | 2022 മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലായി (1600/- രൂപ വീതം.) 4800/- രൂപ ഗുണ ഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. UTR No. യഥാക്രമം 0310112372, 0316958554, 1607466929. |
| 2. | സുബ്രഹ്മണ്യൻ എൻ.കെ. /967841478368 | 31.01.2022, കർഷകതൊഴിലാളി പെൻഷൻ | 2022 ഫെബ്രുവരി മാസത്തിൽ 1600/-രൂപ ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. UTR No. 9578795331 |

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടേബിളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.01.2023) മറുപടിയായി അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് പിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. അനർഹമായി നല്കിയ പെൻഷൻ തുക ബന്ധപ്പെട്ട

അനന്തരാവകാശികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-16 മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവാക്കി

| | |
|---|---|
| പ്രോജക്ട് നം./പേര് | 07/22- നെൽകൃഷിക്ക് കൂലി ചെലവ് |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ ചെലവ് | 119944<br>119944 |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം |

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ /തീയതി | തുക | തുക കൈപ്പറ്റിയത് |
|---|---|---|
| 2110352012200951756/15.1.2022 | 19184 | ഇ എ ജേക്കബ് |
| “ | 79200 | സെക്രട്ടറി പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് |
| “ | 12760 | സെക്രട്ടറി വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് |
| ആകെ | 111144 | |

മേൽപ്പറഞ്ഞപ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും കൃഷി നടത്തിയതിന്റെ ചെലവ് രേഖകളും ആനുകൂല്യത്തിനുള്ള അപേക്ഷകളും ഫയലിൽ ഇല്ല. കൂടാതെ 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ചെറുകിട നാമമാത്ര കർഷകർ, പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്കാണ് ഇപ്രകാരം ആനുകൂല്യം നൽകാവുന്നത്. എന്നാൽ അതിനു വിപരീതമായി ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കാണ് തുക നൽകിയിരിക്കുന്നത്. തന്നെയുമല്ല സഹകരണ ബാങ്കുകളുടെ പേരിലാണെങ്കിലും തുക നൽകിയിരിക്കുന്നത് എസ് ബി ഐ, യുബി ഐ എന്നിവയിലെ അക്കൗണ്ടുകളിലേക്കാണ്. ഇപ്രകാരം തുക നൽകിയതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11.01.23 ൽ 2 ാം നമ്പർ ആയി എൻക്വയറി നൽകിയിരുന്നു.

പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി സഹകരണ സംഘങ്ങൾക്ക് തുക നൽകിയതിനാലും അപേക്ഷകളോ മറ്റ് രേഖകളോ ഹാജരാക്കാത്തതിനാലും ഈയിനത്തിൽ ചെലവാക്കിയ 111144/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-17 മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം- അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 35/22(വികസനഫണ്ട് ജനറൽ) |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ അടങ്കൽ | 342240 രൂപ |
| ആകെ ചെലവ് | 308800 രൂപ<br>(ബിൽ നമ്പർ 358/26-3-22) |

2020-21 വർഷത്തെ ആനുകൂല്യവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആ വർഷം നടപ്പാക്കിയ പദ്ധതിപ്രകാരം വാങ്ങിയ ലാപ്ടോപ്പുകളിൽ ഒരെണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 പ്രകാരം 3 ലാപ് ടോപ്പുകൾ വിതരണം ചെയ്യപ്പെട്ടിട്ടില്ല എന്നും ആനുകൂല്യവിതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന മൂന്ന് ഗുണഭോക്താക്കളുടെ

അപേക്ഷകൾ ഹാജരാക്കുകയുണ്ടായില്ല എന്നും പരാമർശിച്ചിട്ടുള്ളതാണ്. പ്രസ്തുത 3 ലാപ്ടോപ്പുകളിൽ രണ്ടെണ്ണം വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ലാപ്ടോപ് സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിരിക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/12.01.23 ന് മറുപടി നൽകിയിട്ടില്ല. ലാപ് ടോപ്പ് മുതലായവ വളരെ പെട്ടെന്ന് തന്നെ ടെക്നോളജി/ വെർഷൻ എന്നിവയിൽ മാറ്റം വരുന്നവയും ചിലവ ടെക്നോളജി Obsolete ആകുകതന്നെയും ചെയ്യുന്നവയാണ്. അതിനാൽ അവ അനന്തമായി ഉപയോഗിക്കാതെ സൂക്ഷിക്കേണ്ടവയല്ല. 2020-21 വർഷത്തെ പദ്ധതിയിൽ ഗുണഭോക്താക്കൾ അവശേഷിക്കുന്നില്ലായെങ്കിൽ, മതിയായ പദ്ധതി അംഗീകാരം, കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തൻവർഷം (2021-22) നടപ്പാക്കിയ സമാനമായ പ്രൊജക്റ്റിന്റെ ഭാഗമാക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള സാദ്ധ്യത പരിഗണിച്ചിട്ടില്ലായെന്നു കാണുന്നു. മുൻസാമ്പത്തികവർഷത്തെ പദ്ധതിയിൽ വിതരണം ചെയ്യാതെ അവശേഷിച്ച ലാപ്ടോപ്പുകൾ അർഹരായ വിദ്യാർഥികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 കരിമീൻ കൂട് മൽസ്യകൃഷി- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ്നമ്പർ | 48/22 |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ അടങ്കൽ | 120000 രൂപ |
| ആകെ ചെലവ് | 48000/- രൂപ(ബിൽ നമ്പർ 184/18-2-22 , 185/18-2-22, 188/18-2-22, 178/15-2-22 മൂന്ന് ബില്ലുകളും 12000/- രൂപ വീതം) |

പദ്ധതിപ്രകാരം നാലു ഗുണഭോക്താക്കൾക്ക് 12000 രൂപ വീതം ആകെ 48000/- രൂപ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ചെലവ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. നാലു ഗുണഭോക്താക്കളും പുഴയിൽ ആണ് കരിമീൻകൂട് മത്സ്യകൃഷി നടത്തുന്നത്. അതിനായി പഞ്ചായത്ത് കമ്മിറ്റി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിക്ക് തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതിമാർഗ്ഗരേഖ പ്രകാരം അക്വാകൾച്ചർ ലൈസൻസ്/രജിസ്ട്രേഷൻ ആവശ്യമാണ്. ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് 12.01.2023 ൽ 9ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ് ഉണ്ടെന്ന് ഉറപ്പ് വരുത്തി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മത്സ്യതൊഴിലാളികൾക്ക് വള്ളം,വല - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 36/22(വികസനഫണ്ട് ജനറൽ), മത്സ്യതൊഴിലാളികൾക്ക് വള്ളം ,വല |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ അടങ്കൽ | 180000 രൂപ |
| ആകെ ചെലവ് | 179400 രൂപ(ബിൽ നമ്പർ 228/9-3-22 134550/- രൂപ, ഗുണഭോക്തൃവിഹിതം 44850 രൂപ) |

മേൽ പദ്ധതി സംബന്ധിച്ച അപേക്ഷകൾ അപൂർണ്ണമാണ്. ഇവയിൽ പേര്, മേൽവിലാസം, വാർഡ് നമ്പർ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പ്രൊജക്റ്റ് ഹാജരാക്കിയിട്ടില്ല. മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന വിവരം അപേക്ഷയിൽ ഇല്ല. ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് അംഗീകൃത ഫിഷറീസ് ലൈസൻസ് ഉണ്ടായിരിക്കണമെന്ന് തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതിമാർഗ്ഗരേഖ പ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് സംബന്ധിച്ച രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/12-1-23) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ സമാനമായ പദ്ധതികളുടെ നിർവ്വഹണത്തിൽ

മേൽ അപാകതകൾ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്താക്കളുടെ ലൈസൻസ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-20 സുഭിക്ഷകേരളം - ബയോഫ്ലോക്സ് പദ്ധതി-അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 202/22 |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ അടങ്കൽ | 690000 രൂപ |
| ആകെ ചെലവ് | 160711 രൂപ(തനത് ഫണ്ട്) |
| ചെക്ക് നമ്പർ / ബിൽ നമ്പർ/ തുക | 1) 4410185/25-3-22 രൂപ 34560,<br>2) 6950713/27-3-22 രൂപ 59671 ,<br>3) 4410187/25-3-22 രൂപ 66480) |

അഞ്ച് ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നല്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 40 ശതമാനം നിരക്കിലാണ് സബ്സിഡി തുക അനുവദിക്കപ്പെട്ടിട്ടുള്ളത്.തനത് ഫണ്ടിൽ നിന്നാണ് ചെലവ് പൂർണ്ണമായും നടത്തിയിട്ടുള്ളത്. പദ്ധതിമാർഗ്ഗരേഖ പ്രകാരം സബ്സിഡിതുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശസ്ഥാപനവും മൂന്നിലൊന്ന് വിഹിതം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതിയിലും ഫിഷറീസ് വകുപ്പിന്റെ വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ വകുപ്പിന്റെ വിഹിതം ചെലവ് വന്നിട്ടില്ല എന്ന് കാണുന്നു. ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഫിഷറീസ് വകുപ്പ് തെരഞ്ഞെടുത്ത് നല്കിയ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളതെന്ന് ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. ആയതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കുകമാത്രമാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയതിൽ മേൽ ഗുണഭോക്താക്കളോ മേൽ പദ്ധതിയോ ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭ അംഗീകാരം ലഭ്യമാക്കാത്തതിന് വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി(നമ്പർ 10/12-1-23) നല്കിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം നേടിയ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-21 ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല/ അടങ്കൽ 405000

സുലേഖ പത്രിക പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി 405000/- രൂപ അടങ്കലായിട്ടുള്ള പ്രോജക്റ്റ് നമ്പർ 19 പ്രകാരം പോത്ത് വിതരണം (എസ് സി പി) ഇനത്തിൽ 405000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ തുക തടസ്സത്തിൽ വയ്ക്കുന്നു.

Bill Referance Number 21110352011901509678/30.03.22.

1-22 തെരുവ് വിളക്കുകളുടെ പരിപാലനം - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി താഴെ പറയും പ്രകാരം രണ്ട് പ്രോജക്റ്റുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് | തെരുവ് വിളക്ക് പരിപാലനം (എ.എം.സി),128/22 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ (SO 146/22) |
|---|---|---|
| അടങ്കൽ തുക | ₹800000/-(തനത് ഫണ്ട്) | ₹426392/-(തനത് ഫണ്ട്) |
| ചെലവ് വിവരം | ₹169470/-ബിൽ നമ്പർ 177/15.02.2022 | ₹373384/- [1)₹186692/- ബിൽ നമ്പർ 09/01.07.2021 2)₹186692/- ബിൽ നമ്പർ 169/11.02.2022] |

| | | |
|---|---|---|
| തുക കൈപ്പറ്റിയ ആൾ | ആന്റണി.കെ.എൽ | ബെസ്സി എഞ്ചിനീയറിംഗ് ഒ.പി.സി.പ്രൈവറ്റ് ലിമിറ്റഡ് |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ വഴി ആകെ ₹542854/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീ. 17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയും ഓരോ വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്തിലെ ഭരണ സമിതിയിലെ അംഗങ്ങൾ, അസി.എഞ്ചിനീയർ, സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപീകൃതമായ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. അറ്റകുറ്റപണികൾക്കായി കരാറുകാരുമായി പഞ്ചായത്ത് ഒപ്പിട്ടിരിക്കുന്ന എഗ്രിമെന്റിൽ നാലാമത്തെ വ്യവസ്ഥ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധമായ പരാതികൾ അതാത് വാർഡിലെ മെമ്പർമാർ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പരാതികൾ കരാറുകാരൻ മുൻഗണനാടിസ്ഥാനത്തിൽ അവ പരിഹരിക്കേണ്ടതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു പരാതി പുസ്തകം പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കൂടാതെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രങ്ങളിൽ പോസ്റ്റ് നമ്പർ രേഖപ്പെടുത്തുകയോ, തങ്ങളുടെ ലെറ്റർ ഹെഡ്ഡിൽ സാക്ഷ്യപത്രം തയ്യാറാക്കി നൽകുകയോ ചെയ്യുന്നില്ല. പകരം ഒരു പേപ്പറിൽ വാർഡ് നമ്പറും ലൈറ്റുകളുടെ എണ്ണവും രേഖപ്പെടുത്തി അതിനു നേരേ മെമ്പർമാർ ഒപ്പിട്ട് നൽകുന്ന ഒരു ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ശരിയായ മോണിറ്ററിംഗിന്റെ അഭാവത്തിൽ കരാറുകാരന് തുക നൽകുവാനിടയായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/11.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ട് വരുമാനം കുറവായ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് വലിയ തുകകൾ ചെലവഴിക്കേണ്ടിവരുന്ന സാഹചര്യം വിലയിരുത്തി, കൃത്യമായ മോണിട്ടറിംഗിലൂടെ പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനും, നൽകുന്ന തുകകൾ പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നത് നന്നായിരിക്കും.

1-23 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഐ കെ എം വിഹിതം നൽകൽ,01/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | ₹73883/- |
| ചെലവ് വിവരം | ₹73883/-(ബിൽ നമ്പർ 08/13.08.2021) |

മേൽ പ്രോജക്റ്റ് പ്രകാരം ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹73883/- ഡയറക്ടർ, ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഇതുവരെയും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 04/11.1.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹73883/-തടസ്സപ്പെടുത്തുന്നു.

1-24 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി താഴെ പറയും പ്രകാരം രണ്ട് പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (110/22) | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (175/22) |
| അടങ്കൽ തുക | ₹51000/- {₹1000തനത് ഫണ്ട്) | ₹58405/- (₹30000/-പൊതുവിഭാഗം |

| | | |
|---|---|---|
| | ₹50000(ധനകാര്യ കമ്മീഷൻ അവാർഡ്)} | സാധാരണ വിഹിതം)<br>(₹28405/-തനത് ഫണ്ട്) |
| ചെലവ് വിവരം | ₹50416/-<br>[1)₹40994/-<br>ബിൽ നമ്പർ 170/12.02.2022<br>2)₹9006/-<br>ബിൽ നമ്പർ 237/14.03.2022<br>3)₹416/-<br>ബിൽ നമ്പർ 238/14.03.2022] | ₹55322/-<br>[₹28405/-<br>ബിൽ നമ്പർ 297/22.03.22<br>26917/-<br>ബിൽ നമ്പർ 248/22.03.2022] |

ഓഡിറ്റ് വർഷത്തിൽ മേൽ പറഞ്ഞ പ്രകാരം രണ്ട് പ്രോജക്റ്റുകളുടെ നടത്തിപ്പിനായി ആകെ ₹105738/- കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക കൈപ്പറ്റിയ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. മുൻകൂറായി തുകകൾ നൽകുമ്പോൾ പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിലേർപ്പെടേണ്ടത് പ്രവൃത്തിയുടെ കൃത്യമായ പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണെന്നിരിക്കെ ഇപ്രകാരം ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 6/11.1.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരത്തിൽ മുൻകൂർ തുകകൾ നൽകുമ്പോൾ കരാറിലേർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി വാർഡൊന്നിന് ₹20000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ₹10000/- യും ശുചിത്വ മിഷൻ വിഹിതമായി ₹10000/- യും ഉൾപ്പെടെ ₹20000/- വീതം 18 വാർഡുകളിലേക്കായി ₹360000/- ചെലവഴിച്ചിട്ടുണ്ട്. 28.09.2021ലെ വൗച്ചർ നമ്പർ 22100592 പ്രകാരം ₹180000/-, വൗച്ചർ നമ്പർ 22100593 പ്രകാരം ₹180000/- എന്നിങ്ങനെയാണ് ₹360000/- ചെലവഴിച്ചിട്ടുള്ളത്. എന്നാൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിക്കായി ചെലവാക്കിയ ₹360000/-ന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാകാത്ത സാഹചര്യത്തിൽ, ഓഡിറ്റ് എൻക്വയറി (നം. 12/13.1.23) കനൽകിയതിനെ തുടർന്ന് 12 വാർഡുകളിലേക്കായി നൽകിയ ₹240000/-ന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി. ബാക്കി 6 വാർഡുകളിലേക്ക് ചെലവാക്കിയ ₹120000/-ന്റെ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ആ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

.

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| തുക നൽകിയ സ്ഥാപനം | തുക | ഇനം | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാപഞ്ചായത്ത് | 250000 | 142/22 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 250000 |
| | 300000 | 25/22 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 300000 |
| | 50000 | 02/22പാൽ വില സബ്സിഡി | 50000 |
| | 545000 | 54/22 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം | 545000 |
| | 1240000 | 42/22 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം | 1240000 |
| | 415197 | 215/22 വി.ഐ.പി.കോളനി ലിങ്ക് റോഡ് | 415197 |
| | 385623 | 210/22 പുതിയകാവ് കോട്ടുത്തുരുത്ത് റോഡ് പുനരുദ്ധാരണം | 385623 |
| | 930173 | 190/22പുഴക്കരേടത്ത് റോഡ് പുനരുദ്ധാരണം | 930173 |
| | 1438438 | 204/22 പറയകാട് വലിയപല്ലംതുരുത്ത് സെന്റ് മേരീസ് ചർച്ച് റോഡ് പുനരുദ്ധാരണം | 1438438 |
| | 315798 | 214/22 പൂയപ്പിള്ളി കോളനി റോഡ് പുനരുദ്ധാരണം | 315798 |
| | 5870229 | | 5870229 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 02/22 പാൽ വില സബ്സിഡി | 400000 |
| | 225000 | 59/22 ലൈഫ് – ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ | 225000 |
| | 240900 | 25/22 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 240900 |
| | 49776 | 135/22 കോവിഡ് 19 പ്രവർത്തനങ്ങൾ | 49776 |
| | 800000 | 42/22 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന | 800000 |

| | | | |
|---|---|---|---|
| | | നിർമ്മാണം | |
| | 200000 | 21/22 പാലിയേറ്റീവ് കെയർ | 200000 |
| | 20000 | 87/22 വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ | 20000 |
| | 1935676 | | 1935676 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1)42100233-40994/-<br>2)42100233-26917/-<br>3)42100236-9006/-<br>4) 42100238-416/-<br>5) 42100237-28405 | 105738 | 0 | 105738 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1)42100232-395588/-<br>2) 42100234-47200/- | 442788 | 0 | 442788 |
| | | ആകെ | 548526 | | 548526 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ.(സാ).68/18 ധന.18.05.18 | 4,11,30,000 | 3,67,86,471 | 36,52,000 | 0 | 3,31,34,471 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | കൺവീനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ (എസി) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,81,46,886 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,14,56,666 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 710027 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 111144 | ശ്രീമതി.ഉമ മഹേശ്വരി.എം.ഡി., കൃഷി ഓഫീസർ |
| 1-21 | 405000 | ഡോ. ബീന.എസ്., വെറ്ററിനറി സർജൻ |
| 1-23 | 73883 | ശ്രീമതി.ജയലക്ഷ്മി.എ., സെക്രട്ടറി |
| 1-25 | 120000 | |
| ആകെ | 710027 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉമ മഹേശ്വരി.എം.ഡി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, ജില്ല അഗ്രിക്കൾച്ചർ ഫാം,ചുങ്കത്തറ, മുട്ടിക്കടവ്, മലപ്പുറം | വിജയ് നിവാസ്, കോടതിപ്പടി, നിലമ്പൂർ, മലപ്പുറം |
| ഡോ. ബീന.എസ്., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | മനക്കപ്പറമ്പിൽ, പെരുമ്പടന്ന, പറവൂർ |
| ശ്രീമതി.ജയലക്ഷ്മി.എ., സെക്രട്ടറി | സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | പറപ്പിള്ളിൽ വീട്, ഏഴിക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|---|
| 1998-99 | 22,25,28, 30,31,32,33, 34 | 8 | LFE(P2)586/2001 |
| 1999-2000 | 839,40,41,45,46, 47,48,49,50,51,52 53,54 | 11 | |
| 2000-01 | 12,13a,13b,13c,17-20, 21,22,23,24a&b,25, 26a-g,27,28,29,30,31 32,33,34,35,36,37,38,39 40 | 29 | LFE(P2)1454/2002 |
| 2001-02 | 2-7,2-8,3-3 | 3 | LFE(P2)822/07 |
| 2002-03 | 2-1,2-2,2-3,2-4,2-5,2-6, 2-7 | 7 | |

| | | | |
|---|---|---|---|
| 2003-04 | 2-1,2-2,2-4,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8 | 11 | LFE(P2)581/2010 |
| 2007-08 | 2-1 | 01 | LFE(P2)1595/2008 |
| 2008-09,<br>2009-10<br>2010-11 | 3-13,3-17,3-20 | 03 | LFE(P2)1295/2012 |
| 2011-12<br>2012-13 | 3-2,3-3,3-6,3-8,3-14 | 05 | LFE(P2)2038/2013 |
| 2014-15 | 3-2,3-4 | 02 | KSAEKM(P12)1247/2016 |
| 2015-16 | 2-1A,2-1B,2-3,3-1,3-5,3-6 | 06 | KSAEKM(P12)2123/2016 |
| 2016-17 | 2-1,3-3,3-4,3-5,3-6,3-8 | 06 | KSAEKM(P12)1725/2017 |
| 2017-18 | 1-12,2-2,<br>2-3,3-1,3-4,3-5,3-9,3-10,3-11.3<br>3-11.4,3-11.5,3-11.8<br>5,3-6,3-8 | 12 | KSAEKM(P12)1624/2018 |
| 2018-19 | 1-13,1-14,1-15,1-16,1-17,1-19,1-20<br>,1-21,1-22,1-23,1-24,1-25,1-26<br>3-1 | 14 | KSAEKM(P12)139/2020 |
| 2019-20 | 1-2-1,1-12,1-13,1-14,1-15,1-16,1-18,1-20<br>1-21,1-22,1-24,1-25,1-26,1-27,1-28,<br>3-1,4-10 | 17 | KSAEKM(P12)1159/2021/<br>29-8-22 |
| 2020-21 | 1-2-1,1-12,1-13,1-14,1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22,1-23,1-24,4-10<br>1-21,1-22,1-24, | 15 | KSAEKM(P12)1160/2021/<br>29-8-22 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്